പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1033 — 12-07-2016 ൽ മറുപടിക്ക്

## കൊല്ലം പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്. ജയലാൽ | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) കൊല്ലം ജില്ലയിലെ പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിലേയ്ക്കായി എത്ര രൂപ അനുവദിച്ചിരുന്നുവെന്നും ഇതിൽ എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കുമോ; | (എ) | ജി.ഒ. (ആർ.റ്റി) നം. 527/11/എഡി തീയതി 14-03-2011 പ്രകാരം 3.20 കോടി രൂപ അനുവദിച്ചു. ഇതിൽ 1,88,64,731/- രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് കാലാവധി നിശ്ചയിച്ചിരുന്നുവോ; എങ്കിൽ എന്നാണ്; കാലാവധി ഗവൺമെന്റ് നീട്ടി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | നബാർഡിന്റെ അറിയിപ്പ് പ്രകാരം 2016 സെപ്റ്റംബർ 30-ന് പ്രസ്തുത നിർമ്മാണ പ്രവർത്തിയുടെ പദ്ധതി കാലാവധി കഴിയും. ഈ പരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു. |
| സി) നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് പ്രകാരം എന്തൊക്കെ നിർമ്മാണ ജോലികളാണ് നിശ്ചയിച്ച് കരാർ വച്ചിരുന്നത്; ആയത് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | താഴെ പറയുന്ന നിർമ്മാണ ജോലികൾക്കാണ് നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം കരാർ വച്ചിരുന്നത്.<br>1. തോട് ആഴം കൂട്ടൽ<br>2. തലച്ചിറ കുളം നിർമ്മിക്കൽ<br>3. പുറംബണ്ട് ഉയർത്തൽ<br>4. പാർശ്വഭിത്തി നിർമ്മിക്കൽ<br>5. കലുങ്ക് ബി ടൈപ്പ്, കലുങ്ക് എ ടൈപ്പ്<br>6. പമ്പ് ഹൗസിന്റെ ഭിത്തി ബലപ്പെടുത്തൽ<br>7. 50 എച്ച്.പി പെട്ടി, പറ എന്നിവ സ്ഥാപിക്കൽ<br>8. (എ) പുതിയ പമ്പ് ഹൗസിന്റെ നിർമ്മാണം<br>(ബി) നിലവിലുള്ള പമ്പ് ഹൗസിന്റെ ബെൽറ്റ് ആവശ്യമായ ഷെഡ്ഡ്<br>(സി) 50 എച്ച്.പി പെട്ടി, പറ റിപ്പയർ |

| | | |
|---|---|---|
| | | 9. (എ) ട്രാക്ടർ പാസ്സേജും, കലുങ്കും<br>(ബി) ഫുട് ബ്രിഡ്ജ്<br>(സി) ഓട നിർമ്മാണം<br>10. കിണർ നിർമ്മാണം 10 എച്ച്.പി മോട്ടോർ പമ്പ് സ്ഥാപിക്കൽ<br>ഇവയിൽ കുളം നിർമ്മാണം, പുറംബണ്ട് ഉയർത്തൽ, നടുത്തോടിന്റെ ആഴം കൂട്ടൽ എന്നീ പ്രവർത്തികൾ ഇതേ റേറ്റിൽ ഈ തുകയ്ക്ക് ക്രമവൽക്കരിക്കേണ്ടതുണ്ട്. ആയത് ചെയ്തു വരുന്നു. |
| ഡി) ഇപ്പോൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം എന്തൊക്കെ ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും അവശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ഡി) | **<u>പൂർത്തീകരിച്ചവ</u>**<br>1. തോട് ആഴം കൂട്ടൽ<br>2. തലച്ചിറ കുളം നിർമ്മിക്കൽ<br>3. പാർശ്വഭിത്തി നിർമ്മിക്കൽ<br>4. കലുങ്ക് ബി ടൈപ്പ്, കലുങ്ക് എ ടൈപ്പ്<br>5. പമ്പ് ഹൗസിന്റെ പാർശ്വഭിത്തി ബലപ്പെടുത്തൽ<br>6. (എ) പുതിയ പമ്പ് ഹൗസ് സ്ഥാപിക്കൽ<br>(ബി) 50 എച്ച്.പി പെട്ടി, പറ റിപ്പയർ<br>7. (എ) ട്രാക്ടർ പാസ്സേജും, കലുങ്കും<br>(ബി) ഫുട്ട് ബ്രിഡ്ജ്<br>8. കിണർ നിർമ്മാണം<br>**<u>അവശേഷിക്കുന്നവ</u>**<br>എ) പുറം ബണ്ട് ഉയർത്തൽ, പെട്ടി പറ, സ്ഥാപിക്കൽ<br>ബി) നിലവിലുള്ള പമ്പ് ഹൗസിന് ബെൽറ്റ് കവർ ഷെഡ് സ്ഥാപിക്കൽ<br>സി) ഓട നിർമ്മാണം<br>ഡി) 10 എച്ച്.പി-മോട്ടോർ പമ്പ് സ്ഥാപിക്കൽ |
| ഇ) എന്നത്തേയ്ക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഇ) | സെപ്തംബർ 2016-ന് കാലാവധി കഴിയുന്ന പ്രസ്തുത പ്രോജക്ട് ഈ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ